# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/1257/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 14/01/2026
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലിയപറമ്പ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/1257/2025 തീയ്യതി: 14/01/2026

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്ബാബു കെ.വി | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2025 | 22-12-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2025 | 22-12-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.തോമസ് കെ ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദു.വി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നീസ് ജോസഫ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി വി.സജീവൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.വിനോദ് കുമാർ എം.പി | സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീ.പ്രദീപൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-09-2024 | 09-10-2024 |
| ശ്രീ.ജയകുമാർ കെ.യു | സെക്രട്ടറി | 10-10-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-12-2024 |
| ശ്രീ.സുരേഷ് അരിയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 31-12-2024 | 31-03-2025 |
| ശ്രീമതി.പ്രസീത കെ.കെ.പി | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 01-04-2024 | 31-03-2025 |
| ശ്രീ.ശിവകുമാർ വി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.സംഗീത മോഹൻ വി | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീ.കുമാരൻ സി | പ്രധാനധ്യാപകൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.സുനന്ദ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വലിയപറമ്പ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ.സുകേഷ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാവിലാകടപ്പുറം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി.സഫീദ എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.ധന്യാ ദയാനന്ദൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2024 | 08-08-2024 |
| ഡോ.ശ്രീകുമാർ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 09-09-2024 | 31-03-2025 |
| ഡോ.സുജയ നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.രാജീവൻ വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 25-06-2024 |
| ഡോ.സബിത എം ടി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 26-06-2024 | 31-03-2025 |
| ശ്രീ.വേണുഗോപാലൻ പി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-05-2024 |
| ശ്രീമതി.രമ്യശ്രീ പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-06-2024 | 31-08-2024 |
| ശ്രീമതി.ഷിബിന എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-12-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.ശാലിനി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| അബ്ദുള്ളക്കുഞ്ഞി ടി.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-09-2024 | 30-11-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-1 |
| 3 | പ്രത്യേക ഉദ്ദേശ പദ്ധതി ബാധ്യത തുകയും , ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാദ്ധ്യതാ കണക്ക് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-3 |
| 5 | ബാദ്ധ്യതാ കണക്കിൽ ഉൾപ്പെട്ട എൻ.പി.എസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | പ്ലാൻ ബാങ്ക് അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുക - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-1-5 |
| 7 | അഡ്വാൻസ് തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഉപയോഗക്രമം പരിഗണിക്കാതെ വസ്തു നികുതി ഈടാക്കുന്നു. | 1-10 |
| 17 | അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു. തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-11 |
| 18 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 1-12 |
| 19 | ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഒടുക്കാതെ 6 മാസത്തോളം കൈവശം വെച്ചത് ക്രമവിരുദ്ധം | 1-13 |
| 20 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-14 |
| 21 | എം സി എഫ് -ൽ CCTV സ്ഥാപിക്കൽ - വിനിയോഗിക്കാത്ത തുക തിരികെ ലഭിച്ചില്ല | 1-15 |
| 22 | തെരുവ് വിളക്ക് പരിപാലനം-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ | 1-16 |
| 23 | കുടിവെള്ള വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകങ്ങൾ | 1-17 |
| 24 | ഉൽപ്പാദന പരമല്ലാത്ത പ്രോജക്ടുകൾക്ക് വേണ്ടി പദ്ധതിപണത്തിന്റെ വിനിയോഗം | 1-18 |
| 25 | പുഷ്പകൃഷി (വനിത)- ജില്ലാ തല നിരക്ക് നിർണ്ണയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 26 | സബ്സിഡി മാർഗരേഖ ലംഘിച്ച് സെപ്റ്റിക് ടാങ്ക് വിതരണം - 32,80,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 27 | ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം | 1-21 |
| 28 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-22 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പദ്ധതി അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം. | 4-5 |
| 6 | വായ്പാ വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 09.05.2025 ലെ 1/25-ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 09.05.2025 -ാം തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
14.01.2026

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-2 പ്രത്യേക ഉദ്ദേശ പദ്ധതി ബാധ്യത തുകയും , ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത ഇനങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | ഇനം | രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം (Rp 40b) നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ബി4ൽ ഉൾപ്പെട്ട തുക |
|---|---|---|---|
| 1 | ജൈവവൈവിധ്യ ഫണ്ട്. (A/C .No.40433101035438) KGB | 300908 | 305713 |
| 2 | SSA Head 320100162 (A/C .No.40433100003312) KGB | 0 | 38324 |
| 3 | സാക്ഷരത CO-OP Bank HEAD 320100198 A/C No.928 | 1615 | 1115 |

**1-1-3 ബാദ്ധ്യതാ കണക്ക് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

ഷെഡ്യൂൾ B4, B9എന്നിവയിലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 320100145 | NPRPD | 300000 | ഈ തുകകൾ 01.04.2024 ൽ മുന്നിരിപ്പായുള്ള ബാദ്ധ്യതാ തുകകളാണ്. ഏത് അക്കൗണ്ടിലാണ് ഈ ഫണ്ടുകൾ സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാരിലേയ്ക്കോ മറ്റ് ഏജൻസികളിലേയ്ക്കോ തിരികെ നൽകേണ്ട തുകയാണെങ്കിൽ ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 320100149 | National Health Mission | 3267 | |
| 320100198 | Grant From Suchithwa Mission | 1855388 | |
| 320200399 | Grants Funds & Contributions For Specific Purposes | 100000 | |
| 320800199 | Other Grants Funds & Contributions For Specific Purposes | 100000 | |
| 320100156 | RPSA | 30850 | |
| 320800101 | Beneficiary Contributions | 141588 | ഏതൊക്കെ പ്രോജക്ടുകൾക്ക് വേണ്ടി പിരിച്ചെടുത്ത തുകകളാണ് എന്നും ചെലവഴിക്കാത്തതിനുള്ള കാരണങ്ങളും വിശദീകരിക്കപ്പെട്ടില്ല. |
| 320700304 | Contributions For Other Specific Purposes JV Projects- Capital Expenditure-From Block Panchayats | 168384 | സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ട് (799011400001040) Closed എന്നാണ് RP 40 B ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഷെഡ്യൂൾ B4 പ്രകാരമുള്ള ഈ തുക നിലവിൽ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. |
| 350400501 | Refund Payable Grants And Funds | 36605 | ഈ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ട തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 350400999 | Refund Of Unutilised Grants - Prior Period | 3500 | ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച ഈ തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ട തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

**1-1-4 ബാദ്ധ്യതാ കണക്കിൽ ഉൾപ്പെട്ട എൻ.പി.എസ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ എൻ പി എസ് - ജീവനക്കാർ , സ്ഥാപനം എന്നിവയുടെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

| ക്രമ നം | HEAD | Head | Amount (Rs.) |
|---|---|---|---|
| 1 | 350110108 | Employer Liabilities Pension Contributions Payable (NPS) | 11,155.00 |
| 2 | 350200204 | Recoveries Payable National Pension Scheme | 18202.00 |

**1-1-5 പ്ലാൻ ബാങ്ക് അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുക - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.**

പ്ലാൻ അക്കൗണ്ട് (KGB 40433100002989) നിർത്തലാക്കുന്നതിന്റെ ഭാഗമായി ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 340091/-രൂപ 23/5/2024ന് പിൻവലിച്ച് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ ബാദ്ധ്യതാ കണക്കിൽ (HEAD 320100999) ൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയാണെങ്കിൽ പ്രസ്തുത തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ 27/5/2024ൽ അവശേഷിക്കുന്ന 8458/- രൂപ ബാങ്ക് തിരികെ എടുത്തിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കപ്പെട്ടില്ല.

**1-1-6 അഡ്വാൻസ് തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു**

A) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ ചേർത്ത മുൻകൂർ തുകകൾ നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

| B-18 Loans, Advances And Deposits | | |
|---|---|---|
| Code | Head | Amount (Rs.) |
| 460100199 | Other Advances | 15400.00 |
| 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | 33,43,439.00 |
| 460500205 | Advance To Implementing Agencies - Deposit With Public Works Department | 55,000.00 |
| 460500501 | Advance To Implementing Officers | 138461.00 |
| 460509901 | Other Advance | 59,192.00 |

B) ഓഡിറ്റ് വർഷം വിവിധ പദ്ധതികൾക്കായി KSEB, PWD എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 1827795/-രൂപയുടെ വിവരങ്ങൾ B-18 Loans, Advances And Deposits ൽ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | തീരുമാനം നം.02 തിയതി ;09.02.2024 | തീരുമാനം നം.2/25 തിയതി 19.03.2025 |
| മുന്നിരിപ്പ് | 20,77,135 | (-) 36,09,853 |
| വരവ് | 21,64,28,350 | 18,66,99,592 |
| ആകെ | 21,85,05,485 | 18,30,89,739 |
| ചെലവ് | 21,60,04,850 | 18,20,95,099 |
| നീക്കിയിരിപ്പ് | 25,00,635 | 9,94,640 |

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണ സമിതിയുടെ 19.03.2025ലെ 1/2നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിൽ 01.04.2024 ലെ മുന്നിരിപ്പായി രേഖപ്പെടുത്തിയ തുക (-) 36,09,853 രൂപയാണ്. ഓഡിറ്റിന് ലഭ്യമാക്കിയ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 01-04-2024 ലെ മുന്നിരിപ്പ് 7220351/-രൂപയാണ് . 01.04.2024ൽ ഗ്രാമ പഞ്ചായത്തിന് 7220351/- രൂപ മുന്നിരിപ്പ് ഉണ്ടായിരിക്കെ 2024-25 വർഷത്തെ പുതുക്കിയ ബജറ്റിൽ 01.04.2024 ലെ മുന്നിരിപ്പ് തുക (-)36,09,853 ആയി ഉൾപ്പെടുത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ് | 72,20,351 |
| വരവ് | 4,99,02,190 |

| | |
|---|---|
| ആകെ | 5,71,22,541 |
| ചെലവ് | 3,50,24,536 |
| നീക്കിയിരിപ്പ് | 2,20,98,005 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലെ നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,47,566 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 44905000 | 44905000 | 44621136 | 0 | 283864 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1787000 | 1787000 | 1787000 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7194000 | 7194000 | 7194000 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7278000 | 7278000 | 7037919 | 0 | 240081 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 115674 | 7875928 | 7991602 | 7216623 | 774979 | 0 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ് ബാങ്ക്) | 112913 | 15445500 | 15558413 | 2118667 | 13439746 | 0 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 17703 | 17703 | 17703 | 0 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 168384 | 646425 | 814809 | 646425 | 168384 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 3184000 | 2048766 | 5232766 | 4752766 | 480000 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 59 | 47758348 | 47758407 | 47758407 | 0 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1264816 | 1416738 | 2681554 | 668592 | 2012962 | 0 |
| എസ്.എസ്.എ | 37414 | 910 | 38324 | 0 | 38324 | 0 |
| സ്വച്ഛഭാരത് മിഷൻ | 0 | 306675 | 306675 | 306675 | 0 | 0 |
| എൻ പി ആർ പി ഡി | 300000 | 0 | 300000 | 0 | 300000 | 0 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 15942 | 276613 | 292555 | 5000 | 287555 | 0 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 24607 | 464469 | 489076 | 20135 | 468941 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ജൈവ വൈവിധ്യ ബോർഡ് ഫണ്ട്. | 200016 | 105697 | 305713 | 4805 | 300908 | 0 |
| വിമുക്തി ഗ്രാന്റ് | 764 | 0 | 764 | 764 | 0 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1210443 | 3000000 | 4210443 | 3440000 | 770443 | 0 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 396394 | 0 | 396394 | 0 | 396394 | 0 |
| നിർമ്മൽ പുരസ്കാർ | 21808 | 872 | 22680 | 59 | 22621 | 0 |
| ശുചിത്വ മിഷൻ | 1855388 | 404250 | 2259638 | 404250 | 1855388 | 0 |
| കില ലേണിംഗ് സെന്റർ ഗ്രാന്റ് | 0 | 200000 | 200000 | 0 | 200000 | 0 |
| സുനാമി മോക്ക് ഡ്രിൽ -ദുരന്ത നിവാരണ ഫണ്ട്. | 0 | 36623 | 36623 | 36623 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 131607094 | 234 | 81520091 | 57 | 42 | 64.13 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 52 | 12257098 | 40 | 8761874 | 84.49 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 827000 | 3 | 625000 | 75.57 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 21187061 | 64 | 15837344 | 74.75 |
| 4 | കൃഷി ഓഫീസർ | 14 | 4276680 | 14 | 3838372 | 89.75 |
| 5 | വെറ്റിനറി സർജ്ജൻ | 11 | 2844980 | 11 | 2708227 | 95.19 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 38 | 67739119 | 32 | 33429767 | 49.35 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21 | 6618288 | 18 | 5208244 | 78.69 |
| 8 | പ്രധാനധ്യാപകൻ | 14 | 1448545 | 13 | 1236531 | 85.36 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 1300000 | 3 | 1161440 | 89.34 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 33 | 8254382 | 27 | 6283241 | 76.12 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 380000 | 2 | 325000 | 85.53 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 275000 | 1 | 200000 | 72.73 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 8 | 4198941 | 6 | 1905051 | 45.37 |
| | **ആകെ** | **276** | **131607094** | **234** | **81520091** | **61.94** |

ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്നും ഈടാക്കിയ 1200365/- രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 683400/-രൂപയും, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എസ്.സി.പി വിഹിതം സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ 3337/- രൂപയും, ( ആകെ 1887102 രൂപ) സുലേഖ ചെലവ് പത്രികയിൽ ജി.ഒ പ്രൊജക്ട് ആയി ചെലവിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി കണക്ക് അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 59 | 1070980 | 1071039 | 1070941 + 98(റീഫണ്ട്) = 1071039 | 0 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 46687368 | 46687368 | 46687368 | 0 |
| ആകെ | 59 | 47758348 | 47758407 | 47758407 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 1654 പദ്ധതികളുൾപ്പെടുന്ന 11.26 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 158 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 121942 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 478 കുടുംബങ്ങളുണ്ട്.

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5238000 | 321 |
| വിധവാപെൻഷൻ | 11634200 | 746 |
| വാർദ്ധക്യകാലപെൻഷൻ | 10958400 | 786 |
| വികലാംഗപെൻഷൻ | 3573500 | 229 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 476800 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2025, 12.20.Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ജീവനക്കാരുടെ ജോലി വിഭജന വിവരങ്ങൾ ഓഫീസ് ഓർഡർ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. 26.6.2018 മുതലുള്ള ഓഫീസ് ഓർഡർ ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കി. ഓഡിറ്റ് വർഷം എല്ലാ മാസവും ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മോണിറ്ററിംഗിൽ കൂടുതൽ ശ്രദ്ധ നല്കേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും, സമയബന്ധിതമായി പദ്ധതി നിർവ്വഹണത്തിനും ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. ഇക്കാര്യത്തിൽ സ്ഥിരംസമിതികളും, പഞ്ചായത്ത് ഭരണസമിതിയും കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്. ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തുന്നതിലെ പുരോഗതി സംബന്ധിച്ച അവലോകനം തുടർ യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം ഓഡിറ്റ് വർഷം 5 തവണ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടപടി ക്രമങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. നിലവിൽ ഭരണ സമിതി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവ സകർമ്മാ സോഫ്റ്റ് വെയർ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. സകർമ്മ ആപ്ളിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്സുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/കൂട്ടിച്ചേർക്കലുകൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ കൃത്യവും കാലികവുമായ വിവരം നൽകുന്ന രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പ്രസ്തുത വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള നടപടികൾ നാളിതുവരെ പൂർണമായിട്ടില്ല.

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-10 ഉപയോഗക്രമം പരിഗണിക്കാതെ വസ്തു നികുതി ഈടാക്കുന്നു.**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും, രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെറിലെ വസ്തു നികുതി നിർണയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ഈടാക്കി വരുന്നതെന്ന് കണ്ടെത്തി. ഇത്തരത്തിൽ വ്യത്യസ്തമായ ഉപയോഗക്രമത്തിൽ നികുതി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം(ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മീ) | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മീ) | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക്(ച. മീറ്ററിന്) |
|---|---|---|---|---|---|---|---|---|
| 1 | 28 | പി.വി ശ്രീധരൻ | 8/77 | ഷോപ്പ് | 28 | 3 | 30 | 27 |
| 2 | 46 | പി.വി ദാമോദരൻ | 10/290 | ഷോപ്പ് | 24 | നികുതിയില്ല | 30 | 30 |
| 3 | 85 | എ.വി കുമാരൻ | 9/225 | ഷോപ്പ് | 32 | 3 | 30 | 27 |
| 4 | 93 | കെ. സാജിത | 12/138 | ഷോപ്പ് | 125 | 3 | 50 | 47 |
| 5 | 104 | വി. ലീനാ റാണി | 6/300/ എ | ലോഡ്ജ് | 150 | 3 | 20 | 17 |
| 6 | 123 | സുഭാഷിണി വി. | 9/67 | ഷോപ്പ് | 35 | 3 | 30 | 27 |

അപാകത കണ്ടെത്തിയെ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കിലെ വ്യത്യാസം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണയം കൃത്യമാക്കി ഡിമാന്റ് പുനർനിർണയിച്ച് വിവരം അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചാണോ അടിസ്ഥാന നികുതി നികുതി നിരക്ക് നിർണിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 5 തീയതി 18/12/2025)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-11 അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു. തുടർനടപടികൾ സ്വീകരിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ അനധികൃത നിർമ്മാണങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെടുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഐ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 227 അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ

ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

**ബി)**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ 3 മൊബൈൽ ടവറുകൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത് എന്ന് വ്യക്തമായിട്ടുണ്ട്. മൊബൈൽ ടവറുകൾ, ഇലക്ട്രോമാഗ്നെറ്റിക് ഫ്രീക്വൻസി (EMF) എമിഷൻ കംപ്ലയൻസ് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിനുള്ള വെബ് പോർട്ടലാണ് തരംഗ് സഞ്ചാർ. പ്രസ്തുത പോർട്ടലിലെ വിവരങ്ങൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 5 ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ് (ചിത്രത്തിലെ അടയാളപ്പെടുത്തിയ ചിഹ്നം കാണുക). മൊബൈൽ ടവറുകളുടെ സ്ഥാനവും എണ്ണവും ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ചേർക്കുന്നു.




| ക്രമ നമ്പർ | ലാന്റ് മാർക്ക് | മൊബൈൽ ടവറുകളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | പന്ത്രണ്ടിൽ വാർഡ് | 1 | നികുതി നിർണയിച്ചിട്ടില്ല |
| 2 | പടന്നക്കടപ്പുറം | 1 | നികുതി നിർണയിച്ചു |
| 3 | വലിയപറമ്പ | 2 | 1 ടവറിന്റെ നികുതി നിർണയിച്ചു |
| 4 | മാടക്കൽ | 1 | നികുതി നിർണയിച്ചു |
| **ആകെ** | | 5 | നികുതി നിർണയിച്ചത് ആകെ 3 എണ്ണം |

**സി)** അനധികൃത ടവറുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതായി വെബ് സൈറ്റുകളിൽ പരസ്യം ചെയ്തിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള റിസോർട്ടുകൾ 2024-25 വർഷം ലൈസൻസ് എടുത്തതിന്റെ രേഖകളും പ്രസ്തുത കെട്ടിടങ്ങളുടെ കെട്ടിടനമ്പർ, നികുതി നിർണയ രേഖകൾ(ഫോം6) എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളാണെങ്കിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | സീ ഐലന്റ് റിസോർട്ട് ,മാവിലാക്കടപ്പുറം |
| 2 | അക്വാ ബീച്ച് റിസോർട്ട് , വലിയ പറമ്പ |
| 3 | വലിയപറമ്പ റിട്രീറ്റ് റിസോർട്ട്, വലിയ പറമ്പ |
| 4 | ദി വൈബ് എ , പ്രീമിയം റിസോർട്ട് , ഇടയിലക്കാട് |
| 5 | കോസ്റ്റൽ പാരഡൈസ് റിസോർട്ട് , ഇടയിലക്കാട് |
| 6 | മൊഗ്രനിലയം റിസോർട്ട് ,കന്നുവീട് കടപ്പുറം |
| 7 | പാരഡൈസ് നാച്വുറൽ റിസോർട്ട് , ഇടയിലക്കാട് |

19.12.2025 ന് ഇടയിലക്കാട് വാർഡിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ സ്ഥാപനങ്ങളുടെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.

**1) പാരഡൈസ് നാച്വുറൽ റിസോർട്ട് , ഇടയിലക്കാട്**



**2) ദി വൈബ് എ , പ്രീമിയം റിസോർട്ട് , ഇടയിലക്കാട്**



ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി **(ഓഡിറ്റ് എൻക്വയറി നമ്പർ : 6, തീയതി 18.12.2025** )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത കെട്ടിടങ്ങൾ/റിസോർട്ടുകൾ മറ്റ് കെട്ടിടങ്ങൾ എന്നിവ ക്രമവത്കരിച്ച് നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-12 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ**

2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ

ആധികാരികത പരിശോധിക്കപ്പെടുന്നില്ല . ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-13 ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഒടുക്കാതെ 6 മാസത്തോളം കൈവശം വെച്ചത് ക്രമവിരുദ്ധം</u>**

ഫിഷറീസ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നിർവ്വഹണം നടത്തുന്നതിന് രൂപീകരിച്ച മൽസ്യ തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിനായി വല വിതരണം പദ്ധതി (എസ് 0071/25) പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത ചുവടെ ചേർക്കും പ്രകാരമുള്ള തുക പഞ്ചായത്തിൽ ഒടുക്കുന്നതിന് 6 മാസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. കൂടാതെ ക്യാഷ് ബുക്കിലും തുക രേഖപ്പെടുത്തിയിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ /തീയതി | തുക | പഞ്ചായത്തിൽ ഒടുക്കിയ തീയതി |
|---|---|---|---|
| 36168 | 1 മുതൽ 43 വരെ / 04.03.2025 | 64500(1500*43) | G140605-25001014 തീ.24-09-2025 |

പണം കൈകാര്യം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥൻ എല്ലാ പണമിടപാടും ഉടനടി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയും ഓഫീസ് മേധാവിയെ കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് കേരള ട്രഷറി കോഡിന്റെ ചട്ടം 92(എ) iiമുതൽ Iv വരെ ആവശ്യപ്പെടുന്നു. ക്യാഷ് ബുക്കിന്റെ ആകെ തുക ഓഫീസ് മേധാവി പരിശോധിച്ചുറപ്പിക്കുകയോ അല്ലെങ്കിൽ ക്യാഷ് ബുക്കിൽ എഴുതിയ ആൾ ഒഴികെ മറ്റേതെങ്കിലും ഉത്തരവാദപ്പെട്ട കീഴ്ദ്യോഗസ്ഥനെ കൊണ്ട് ഇത് നിർവ്വഹിക്കുകയും ശരിയാണെന്ന് ഒപ്പോടുകൂടി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ , റൂൾ 23 & കേരള ഫിനാൻഷ്യൽ കോഡ് (KFC) വോളിയം-1 ലെ ആർട്ടിക്കിൾ 7(1), 7(2) എന്നിവ പ്രകാരം ഓരോ ഉദ്യോഗസ്ഥന്റെയും പ്രതിദിന ധനശേഖരണം അന്നേദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസമോ സാധ്യമല്ലെങ്കിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കണമെന്ന് അനുശാസിക്കുന്നു. പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി ആറ് മാസം തുക അടവാക്കാതെ കൈവശം സൂക്ഷിച്ചത് വ്യവസ്ഥകൾക്കെതിരാണ്. ഇത് സംബന്ധിച്ച് നൽകിയ **<u>ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 7: , തീയതി 19.12.2025)</u>** മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തുക കൈമാറ്റം ചെയ്യാതെ 64500 രൂപ അനധികൃതമായി കൈവശം വെച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഉചിതമായ തുടർ നടപടികൾക്കായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പ്പെടുത്തുന്നു. 2011 ലെ KPR (അക്കൗണ്ടസ്) ചട്ടങ്ങൾ, KTC, KFC എന്നിവയിലെ നിയമവ്യവസ്ഥകൾ ദൈനംദിന പണമിടപാടുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

**<u>1-14 വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല</u>**

സെക്രട്ടറി 2024-25 വർഷത്തിൽ നിർവഹണം ചെയ്ത ചുവടെ പരാമർശിച്ച പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | ചെലവ് തുക | ചെലവ് വിവരം | തുക അനുവദിച്ചത് |
|---|---|---|---|---|
| 1 | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെൻററിന് പഞ്ചായത്ത് വിഹിതം കൈമാറൽ (08/25 ) അടങ്കൽ 1,00,000/- വികസന ഫണ്ട്(ജനറൽ) | 1,00,000/- | Proceedings No/ Sanction Order : 535/ 13.01.2025 | Medical Officer, CHC Trikaripur |
| 2 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ | 8,59,666/- | BRN: 2420035200 4201624696 /21.03.2025 | Assistant Engineer, KSEB, Trikkaripur |

| | | | | |
|---|---|---|---|---|
| | വലിക്കൽ (53/25) അടങ്കൽ വികസന ഫണ്ട്(ജനറൽ)8,59,666/- CFC (ബേസിക്): 5,00,000/- | 5,00,000/- | Vr.No: 22400782/ 21.03.2025 | |
| 3 | ISO പ്രവർത്തനങ്ങൾ (57/25 ) അടങ്കൽ 50,000/-വികസന ഫണ്ട്(ജനറൽ) | 30,000/- | BRN: 2420035200 4201093527/ 27.12.2024 | Director, KILA, Thrissur |
| 4 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നെറ്റ്വർക്ക് വയറിങ് (61/25); അടങ്കൽ - 1,84,000/-CFC (ബേസിക്) | 1,84,000/- | Vr.No: 22400582/ 20.12.2024 | Exe.Engineer, PWD Electronics Division, Thrissur |
| 5 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB -ക്ക് തുക അടവാക്കൽ (197/25) അടങ്കൽ-10,000/- (വികസന ഫണ്ട് (ജനറൽ)) | 9,733/- | BRN: 2420035200 4200192784/09.05.2024 | Assistant Engineer, KSEB, Trikkaripur |
| 6 | മാടക്കാൽ സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകാൻ (170/25) അടങ്കൽ-34,615/- (വികസന ഫണ്ട് (ജനറൽ)) | 29,461/- | BRN: 2420035200 4200192702/21.05.2024 | Exe.Engineer, LSGD Division, Kasargod |
| 7 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ (201/25)അടങ്കൽ-1,70,000/- (CFC (ബേസിക്)) | 1,68,935/- | Vr.No: 22400378/ 12.09.2024 | Assistant Engineer, KSEB, Trikkaripur |
| 8 | മാടക്കാൽ എസ് സി ശ്മശാനത്തിലേക്ക് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും സർവീസ് കണക്ഷൻ ലഭ്യമാക്കലും (292/25) അടങ്കൽ-10,461/- (CFC (ബേസിക്)) | 10,461/- | Proceedings No/ Sanction Order : 752/ 15.03.2025 | Assistant Engineer, KSEB, Trikkaripur |
| | ആകെ | 18,92,256 | | |

വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട 18,92,256/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം: 13/22.12.2025)

## <u>1-15 എം സി എഫ് -ൽ CCTV സ്ഥാപിക്കൽ - വിനിയോഗിക്കാത്ത തുക തിരികെ ലഭിച്ചില്ല</u>

BRN: 24200352004200192668/19.05.2024 : 95,000/- (വികസന ഫണ്ട് - ജനറൽ)

സെക്രട്ടറി നിർവഹണം ചെയ്യു MCF ൽ CCTV സ്ഥാപിക്കൽ (193/25 സ്പിൽ ഓവർ ) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 2023-24, 2024-25 വർഷങ്ങളിലായി 1,50,000/- രൂപ (യഥാക്രമം 55,000 & 95000) Executive Engineer, PWD Electronics Division, Thrissur ന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. 15.09.2025 ൽ ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് പ്രവൃത്തിക്കായി 1,36,368/- രൂപ ചെലവായതായും അവശേഷിക്കുന്ന 13,632/- രൂപ തിരികെ നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വിനിയോഗിക്കുന്ന തുക പഞ്ചായത്തിൽ തിരികെ ലഭിച്ചതിന്റെയും ആയത് ക്രമീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 13,632/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം: 13/22.12.2025)

**1-16 തെരുവ് വിളക്ക് പരിപാലനം-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ**

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 2024-25 വർഷത്തിൽ സെക്രട്ടറി രണ്ട് പ്രവൃത്തികളാണ് നിർവഹണം ചെയ്തിട്ടുള്ളത്. പദ്ധതി നം. 139/25, തെരുവ് വിളക്ക് പരിപാലനം എന്നത് 2023-24 വർഷത്തെ സ്പിൽ ഓവർ പദ്ധതിയും പദ്ധതി നം. 03/25, തെരുവ് വിളക്ക് പരിപാലനം എന്നത് 2024-25 വർഷത്തെ പദ്ധതിയുമാണ്. രണ്ട് പദ്ധതികളും നടത്തിയിട്ടുള്ളത് പിലിക്കോട് പ്രവർത്തിച്ചു വരുന്ന ഗ്രാമകിരണം കുടുംബശ്രീ യൂണിറ്റാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**എ) തെരുവ് വിളക്ക് പരിപാലനം (139/25 )**

അടങ്കൽ : 95,000/- (വികസന ഫണ്ട് - ജനറൽ)

46,681/-(CFC (ബേസിക്)

ചെലവ്: BRN: 24200352004200193478/27.05.2024 : 30,237/- (വികസന ഫണ്ട് - ജനറൽ)

മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതിയാണിത്. പദ്ധതിക്കായി മുൻവർഷം 1,08,319/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വിനിയോഗിച്ചിട്ടുള്ളതാണ്. ഈ വർഷം പദ്ധതിക്കായി മുകളിൽ ചേർത്തിട്ടുള്ള ബിൽ റഫറൻസ് നമ്പർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്ററിൽ ചേർക്കാത്ത വൈദ്യുത പോസ്റ്റുകളിലെ അറ്റകുറ്റ പണികൾക്ക് തുക അനുവദിച്ചത് - 2023-24 വർഷം ഏതാനും വാർഡുകളിലെ തകരാറുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ പരാതി രജിസ്റ്ററിൽ ചേർത്തിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, മുൻ വർഷത്തെ (2023-24 ) ബിൽ പ്രകാരം അതേ വാർഡുകളിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ എണ്ണം, ഈ വർഷത്തെ (2024-25) ബിൽ പ്രകാരം ഇതേ വാർഡുകളിലെ തെരുവ് വിളക്കുകളിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ എണ്ണം എന്നിവ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ പേജ് നം | വാർഡ് നം | രജിസ്റ്ററിലെ പരാ തികളുടെ എണ്ണം (2023-24) | പരിഹരിച്ച പരാതികളുടെ എണ്ണം (ട്രഷറി ബിൽ പ്രകാരം) | |
|---|---|---|---|---|---|
| | | | | 2023-24 വർഷം | 2024-25 വർഷം |
| 1 | 35 | III | 24 | 24 | 11 |
| 2 | 61 | V | 32 | 33 | 18 |
| 3 | 87 | VII | 25 | 26 | 10 |
| 4 | 102 | VIII | 11 | 14 | 4 |
| 5 | 116 | IX | 13 | 12 | 8 |
| 6 | 132 | X | 72 | 71 | 13 |
| 7 | 160 | XII | 19 | 19 | 10 |
| 8 | 174 | XIII | 26 | 26 | 9 |

തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കാതെയാണ് 2024-26 വർഷം (സ്പിൽ ഓവർ) റിപ്പയറിംഗിന് തുക അനുവദിച്ചതെന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്.

2. മുൻ വർഷത്തെ ബില്ലിൽ ഉൾപ്പെട്ട തെരുവ് വിളക്കുകൾ ഈ വർഷത്തെ ബില്ലിലും ഉൾപ്പെടുത്തി

2023-24 വർഷത്തെ ബിൽ പ്രകാരം റിപ്പയർ ചെയ്ത ഏതാനും വിളക്കുകൾ 2024-25 വർഷം സ്പിൽ ഓവർ പ്രോജക്ടിൽ അനുവദിച്ച ബില്ലിലും ഉൾപ്പെട്ടതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | തെരുവ് വിളക്കുകളുടെ വിവരം |
|---|---|---|
| 1 | I | PDN/MPL/40; PDN/MPL/20; ഒരിയര മാധവൻ വീട് സമീപം |
| 2 | III | T/MDL/42/R3/8 ; T/MDL/5 |
| 3 | V | T/KDP/40 |
| 4 | X | TDN/MP/74/16 ; PDN/MP/74/13 |

| | | |
|---|---|---|
| 5 | XI | PDN/MP/32/11/2 |
| 6 | XII | ഇസ്മയിൽ വീട് പരിസരം, അഷ്റഫിന്റെ വീടിന് സമീപം |
| 7 | XIII | PDN/MP/11/2 ; ഒരിയരക്കാവ് ശ്മശാനം |

മേൽപറഞ്ഞ തെരുവ് വിളക്കുകളുടെ റിപ്പയറിംഗിന് ചെലവഴിച്ച തുകയിൽ ഇരട്ടിപ്പ് ഉണ്ടായതായി കാണുന്നു.

3. ഗ്രാമകിരണം സമർപ്പിച്ചിട്ടുള്ള റിപ്പയർ ബില്ലുകളിൽ തിയതി രേഖപ്പെടുത്തുന്നില്ല

മുൻ വർഷത്തെ ബില്ലിനൊപ്പം ഗ്രാമകിരണം സമർപ്പിച്ച വർക്ക് ബില്ലിന്റെ ക്രമ നമ്പർ 203 ഉം, ഈ വർഷം പാസാക്കിയ ബില്ലിന്റെയൊപ്പം സമർപ്പിച്ചിട്ടുള്ള വർക്ക് ബില്ലിന്റെ ക്രമ നമ്പർ 220 ഉം ആണ്. ഈ രണ്ട് ബില്ലുകളിലും തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തി എന്നാണ് നടത്തിയതെന്നോ, മാറ്റി വച്ച സാമഗ്രികളുടെ വാറന്റി കാലാവധി എന്നുവരെയാണെന്നോ കണക്കാക്കാൻ സാധ്യമല്ല. ഇത് ധനനഷ്ടത്തിനും പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതക്കും കാരണമാകുന്നു.

4. വർക്ക് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള 'ഇൻസ്റ്റലേഷൻ ' സംബന്ധിച്ച് വ്യക്തതയില്ല

ഗ്രാമകിരണം സമർപ്പിച്ച ബിൽ പ്രകാരം 12w ബൾബുകൾ -43 എണ്ണം (@160+18% GST/Each) ഷേഡ് ക്യാപ്പ് - 22 എണ്ണം (@27.97+18% GST/Each), ഹോൾഡർ - 21 എണ്ണം (@30+18% GST/Each) എന്നിങ്ങനെ ആകെ 86 സാമഗ്രികൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ബില്ലിൽ ഇൻസ്റ്റലേഷൻ - 125 എണ്ണം (@140+18% GST/Each) എന്ന് മാത്രം രേഖപ്പെടുത്തി 20,650/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് വ്യക്തത/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തും ഗ്രാമകിരണവുമായി പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ഏർപ്പെട്ട കരാറിലും കരാർ നമ്പർ, തിയതി, കരാറിൽ ഏർപ്പെട്ടവരുടെ വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. ഇക്കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ സേവനം ലഭ്യമാകുന്നുണ്ടോയെന്നും കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കിയില്ല – ഒരോ വാർഡിലും മാറ്റി സ്ഥാപിക്കേണ്ടതോ/ പുതുതായി സ്ഥാപിക്കേണ്ടതോ ആയ ലൈറ്റുകളുടെയും അനുബന്ധ സാമഗ്രികളുടെയും കണക്ക് തയ്യാറാക്കിയില്ല. കൃത്യമായ ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്തതും നടപ്പിലാക്കിയതുമെന്ന് വ്യക്തമാണ്.

7. മാറ്റി സ്ഥാപിക്കുന്ന സാമഗ്രികളുടെ ഇൻസ്റ്റലേഷൻ, വാറന്റി തുടങ്ങിയ കാര്യങ്ങൾ പരാമർശിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇത് പഞ്ചായത്തിന് അധിക ബാധ്യതക്കും ധനനഷ്ടത്തിനും കാരണമാകുന്നു.

8. റിപ്പയർ രജിസ്റ്റർ, സ്ക്രാപ്പ് രജിസ്റ്റർ മുതലായവ പരിപാലിക്കുന്നില്ല. അതിനാൽ പ്രവൃത്തികളുടെ വിശ്വാസ്യതയും കൃത്യതയും ഉറപ്പു വരുത്തുവാൻ കഴിയാതെ വരുന്നു.

9. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിരുന്ന പരിഹാരനിർദ്ദേശങ്ങളിൽ നടപടികൾ സ്വീകരിക്കാതെ അപാകതകൾ തുടർന്ന് പോകുന്നത് ധനനഷ്ടത്തിനും യഥാസമയം യഥാവിധം സേവനം നൽകുന്നതിനും തടസ്സമാകുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച അപാകങ്ങളുള്ളതിനാൽ 30,237/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ബി) തെരുവ് വിളക്കുകളുടെ പരിപാലനം (03/25) :** അടങ്കൽ : 1,50,000/- (CFC ബേസിക്)

പദ്ധതിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 1,50,000/- രൂപ, (വൗച്ചർ നമ്പർ : 22400903/30.03.2025) ഗ്രാമകിരണത്തിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്തതും നടപ്പിലാക്കിയതും. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കേടായ വിളക്കുകളുടെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും വിവര ശേഖരണം നടത്തി ആവശ്യകത നിർണ്ണയിക്കുന്നതിന് സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരമുള്ള സർക്കാർ നിർദ്ദേശം പാലിച്ചില്ല.

2). വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രമനുസരിച്ചാണ് (എന്റെ വാർഡിൽ ഇത്ര എണ്ണം ഇലക്ട്രിക് പോസ്റ്റുകളിൽ റിപ്പയർ വർക്ക് ചെയ്ത് ലൈറ്റുകൾ പ്രകാശിപ്പിച്ചിട്ടുണ്ട്) പ്രവൃത്തിയുടെ ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ സാക്ഷ്യപത്രത്തിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്തു എന്ന് പരാമർശിക്കുന്നില്ല. പ്രവൃത്തി ചെയ്തത് സംബന്ധിച്ച് KSEB യിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

3). സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, സ്ക്രാപ്പ് രജിസ്റ്റർ എന്നിവ യഥാവിധം പരിപാലിക്കാത്തതിനാൽ റിപ്പയർ ചെയ്തതും/പുതുതായി സ്ഥാപിച്ചതുമായ സാമഗ്രികളുടെ ഇൻസ്റ്റലേഷൻ, വാറന്റി എന്നിവയും അൺസർവ്വീസബിളായ സാമഗ്രികളുടെ വിവരങ്ങളും ലഭ്യമല്ല.

4) ഉപഖണ്ഡിക(എ)യിൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ കരാർ ഉടമ്പടി അപൂർണ്ണമാണ് (പഞ്ചായത്തും ഗ്രാമകിരണവും തമ്മിലുള്ളത്) കൂടാതെ ഗ്രാമകിരണം സമർപ്പിക്കുന്ന വർക്ക് ബില്ലുകളിൽ സൂചിപ്പിക്കുന്ന ഇൻസ്ററലേഷൻ/ മെയിന്റനൻസ് എന്നീ പ്രവൃത്തികൾ സംബന്ധിച്ച് വ്യക്തത കുറവുണ്ട്. ക്രമ നമ്പർ 04,05 എന്നിവ ഇവിടെയും പ്രസക്തമാണ്.

5). മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ സംബന്ധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 13/22.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച അപാകങ്ങളുള്ളതിനാൽ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 കുടിവെള്ള വിതരണം - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകങ്ങൾ**

സെക്രട്ടറി നിർവഹണം ചെയ്ത വരൾച്ച ദുരിതാശ്വാസ പദ്ധതി - കുടിവെള്ള വിതരണം (പദ്ധതി നം.04/25) എന്ന പദ്ധതി പ്രകാരം 12.04.2024 മുതൽ 31.05.2024 വരെ 50 ദിവസത്തേക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട്,വിതരണ വാഹനം 11,249.37കി.മീ. ദൂരം സഞ്ചരിച്ചത് കണക്കാക്കി വികസനഫണ്ടിൽ (ജനറൽ) നിന്നും 10,57,441/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. BRN: 24200352004201020199/12.12.2024 : 3,37,710/-

2. BRN: 24200352004201212173/22.01.2025 : 7,19,731/-

പഞ്ചായത്ത് പ്രദേശത്ത് കിലോമീറ്ററിന് 94/- രൂപ നിരക്കിൽ 4,000 ലിറ്റർ ശേഷിയുള്ള ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ശ്രീ.സന്തോഷ് പി, വളക്കൈ, കൊയ്യം പോസ്റ്റ് എന്നയാളുമായാണ് കരാറിൽ ഏർപ്പെട്ടത് (കരാർ നം. 15/2023-24 തി.15.03.2024). കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളിൽ നിന്നാണ് വിതരണത്തിനായി വെള്ളം ശേഖരിച്ചിട്ടുള്ളത്. KL-59 R-0438എന്ന രജിസ്ട്രേഷൻ നമ്പറുള്ള വാഹനത്തിലാണ് കുടിവെള്ളം വിതരണം നടത്തിയത്.കേരള വാട്ടർ അതോറിറ്റിയുടെ ചെറുവത്തൂർ, പയ്യന്നൂർ സബ്ഡിവിഷനുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ഈ വർഷം 5,40,000 ലിറ്റർ കുടിവെള്ളമാണ് പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്തത്.

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 2024 മാർച്ച് മാസം മുതൽ മഴ ലഭിക്കുന്നതു വരെ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് (സാധാ)നമ്പർ 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഉയർന്ന നിരക്ക്</u> - മുൻ വർഷത്തെ നിരക്കിൽ നിന്നും (കിലോമീറ്ററിന് 89/- രൂപ നിരക്കിൽ 5000 ലിറ്റർ ശേഷിയുള്ള ടാങ്കിൽ) വളരെ ഉയർന്ന നിരക്കിലാണ് (കിലോമീറ്ററിന് 94/- രൂപ നിരക്കിൽ 4000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ) വെള്ളം വിതരണം ചെയ്തത്. അതിനാൽ മുൻ വർഷത്തിൽ ദിവസേന മൂന്ന് ട്രിപ്പ് (15000 ലിറ്റർ) വെള്ളം വിതരണം ചെയ്ത സാഹചര്യത്തിൽ ഈ വർഷം നാല് ട്രിപ്പുകൾ വേണ്ടതായി വരുന്നു. കൂടുതൽ ട്രിപ്പുകൾ നടത്തുന്നത് അപ്രായോഗികവും ചെലവ് വളരെ കൂടുന്നതിന് കാരണമാവുകയുമുണ്ടായി. നിരക്ക് പ്രായോഗികമായി കുറക്കുന്നതിനുള്ള നടപടികൾ (Negotiation) സ്വീകരിച്ചതായി കാണുന്നില്ല.

2. <u>വിതരണം ചെയ്ത വെള്ളത്തിന്റെ അളവിലെ വ്യത്യാസം</u> - വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച കുടിവെള്ളവിതരണ പത്രിക പ്രകാരം 17/04/24, 20/04/24 എന്നീ ദിവസങ്ങളിൽ 10000 ലിറ്റർ വെള്ളവും, 30/04/24 ന് 4000 ലിറ്റർ വെള്ളവുമാണ് നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരന്റെ ചെലവ് തുക കണക്കാക്കിയപ്പോൾ ഈ ദിവസങ്ങളിൽ 12000 ലിറ്റർ (17&20/04/24) , 8000 ലിറ്റർ (30/04/24) എന്നാണ് ചേർത്തിട്ടുള്ളത്. കൂടാതെ 17/04/24, 20/04/24 എന്നീ ദിവസങ്ങളിൽ ഒരു ട്രിപ്പിൽ 2000 ലിറ്റർ വെള്ളം മാത്രമേ വിതരണം ചെയ്തുള്ളൂവെന്നും കാണാം. ഇത് കരാറിൽ സൂചിപ്പിച്ചതനുസരിച്ച് 4000 ലിറ്റർ വിതരണം ചെയ്യാമെന്ന വ്യവസ്ഥക്ക് വിരുദ്ധമാണ്. ആയതിനാൽ ഇപ്രകാരം അധികമായി അനുവദിച്ചതും വ്യവസ്ഥ പാലിക്കാത്തതുമായ ട്രിപ്പുകൾ അംഗീകരിക്കാവുന്നതല്ല.

3. <u>സ്രോതസ്സിലെ മാറ്റം</u> - KWA യുടെ ചീമേനിയിലെ സ്രോതസ്സിൽ നിന്നുമാണ് ഏപ്രിൽ മാസം വിതരണം ചെയ്യുന്നതിനായി വെള്ളം ശേഖരിച്ചിട്ടുള്ളത്. എന്നാൽ അവിടെ കുടിവെള്ള ലഭ്യത കുറഞ്ഞതിനാൽ മെയ് മാസത്തിൽ

KWA യുടെ പരിയാരത്തുള്ള സ്രോതസ്സിൽ നിന്നുമാണ് വെള്ളം ശേഖരിച്ചത്. ഇത് അധിക ചെലവിന് കാരണമായി. എന്നാൽ 22/05/24, 23/05/24 എന്നീ തിയതികളിൽ KWA യുടെ ചീമേനിയിലെ സ്രോതസ്സിൽ നിന്നും വെള്ളം ശേഖരിച്ചതായി വിതരണ പത്രികയിൽ നിന്നും വ്യക്തമാവുന്നു. എന്നാൽ ഈ സാധ്യത തുടർന്നും പരിഗണിച്ചതായി കാണുന്നില്ല.

4. ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി ഉപയോഗിച്ച കുടിവെള്ള ടാങ്കിന്റെ അളവ് ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരൻ അവകാശപ്പെട്ട അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5. ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.

6. കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്രൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത്രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം.3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്രൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്രൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 13/22.12.2025) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച അപാകങ്ങളുള്ളതിനാൽ 10,57,441/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 ഉൽപ്പാദന പരമല്ലാത്ത പ്രോജക്ടുകൾക്ക് വേണ്ടി പദ്ധതിപണത്തിന്റെ വിനിയോഗം**

പൊതുയിട ശുചീകരണവും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും എന്ന പേരിൽ 2024-25 വർഷത്തിൽ രണ്ട് പദ്ധതികളാണ് (58/25,188/25) സെക്രട്ടറി നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 188/25 നമ്പർ പദ്ധതി സ്പിൽ ഓവർ പദ്ധതിയാണ്. പദ്ധതികൾക്കായി വികസനഫണ്ടാണ് (ജനറൽ) വിനിയോഗിച്ചിട്ടുള്ളത്.

എ) പൊതുയിട ശുചീകരണവും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും (58/25)

പദ്ധതിയുമായി ബന്ധപ്പെട്ട് നവകേരളമിഷൻ യോഗം, ശില്പശാല, കുട്ടികളുടെ ഹരിതസഭ, ഹരിത വിദ്യാലയ പ്രഖ്യാപനം, ബീച്ച് (പടന്ന കടപ്പുറം) ശുചീകരണം, ആവിതോട് ശുചീകരണം, മാലിന്യമുക്ത നവകേരളം - ശുചിത്വ സന്ദേശ യാത്രയുമായി ബന്ധപ്പെട്ട് ടീഷർട്ടുകൾ തയ്യാറാക്കൽ, റിഫ്രഷ്മെന്റ് ചാർജ്ജുകൾ, ബാനർ തയ്യാറാക്കൽ

എന്നീയിനങ്ങളിലാണ് തുക ചെലവഴിച്ചത്. പദ്ധതിക്കായി ആകെ 92,357/- രൂപയാണ് ചെലവഴിച്ചത്, ഇതിൽ റിഫ്രഷ്മെന്റിനത്തിൽ 34,590/- രൂപയും, ടീഷർട്ടിനായി 32,917/- രൂപയുമാണ് ചെലവ് (ആകെ 67,507/-). അതായത് പദ്ധതി ചെലവിന്റെ 73% വും റിഫ്രഷ്മെന്റിനും ടീഷർട്ട് വിതരണം ചെയ്യുന്നതിനുമായിട്ടാണ് നീക്കി വെച്ചിട്ടുള്ളത്.

ബി) <u>പൊതുയിട ശുചീകരണവും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും (188/25 – സ്പിൽ ഓവർ)</u>

ഹരിതകർമ്മസേനയുടെ സമ്പൂർണ്ണ യൂസർഫീ പ്രഖ്യാപനം, ഹരിതകർമ്മസേനക്കുള്ള ട്രോഫി, സ്റ്റീൽ ഗ്ലാസ്സ്, പ്ലേറ്റ് വിതരണം എന്നീ പരിപാടികളിലെ പന്തൽ, സ്റ്റേജ് , ലൈറ്റ് & സൗണ്ട്സ് എന്നിവയുടെ വാടക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ പരിപാടികളിലെ റിഫ്രഷ്മെന്റ്, ബാനർ തയ്യാറാക്കൽ എന്നിവക്കാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത് (30,300/-). ഇതിൽ 26500/- രൂപയും സ്റ്റേജ്, പന്തൽ എന്നിവയുടെ വാടകക്കായാണ് (പദ്ധതി ചെലവിന്റെ 85 ശതമാനം തുകയും) വിനിയോഗിച്ചിട്ടുള്ളത്.

സ.ഉ.(കൈ)നം.115/2022/തസ്വഭവ/തി.28.05.2022 ലെ ഖ.8.4 പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ മുന്നോട്ട് വക്കുന്ന പൊതു ലക്ഷ്യങ്ങളും മുൻഗണനകളും ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാമെങ്കിലും ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഉല്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും ഒഴിവാക്കുകയും പരമാവധി ചെലവ് ചുരുക്കുകയും വേണമെന്ന് നിഷ്കർഷിക്കുന്നു. തനത് വരുമാനം പരിമിതമായ പഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ചാണ് ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുന്നത്. ആയതിനാൽ ഉല്പാദനപരമല്ലാത്ത പ്രൊജക്ടുകൾ കഴിയുന്നത്ര ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.നം: 13/22.12.2025)

**<u>1-19 പുഷ്പകൃഷി (വനിത)- ജില്ലാ തല നിരക്ക് നിർണ്ണയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ<br>വലിയപറമ്പ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ & പേര് | 23/25 – നാടാകെ പൂക്കളം-പുഷ്പകൃഷി വനിതകൾക്ക് |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)-168000,<br>ഗുണഭോക്തൃ വിഹിതം 56000 |
| ചെലവ് തുക | 224000 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 1)24200352014001015137<br>തീയ്യതി.11-12-2024 – 168000/-<br>ഗുണഭോക്തൃ വിഹിതം 56000/-<br>Vr.No.22400657/തി. 29.01.2025 |

ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പൂ കൃഷി ചെയ്യുക, ഓണത്തിനുള്ള മുഴുവൻ പൂക്കളും നാട്ടിൽ തന്നെ ഉത്പാദിപ്പിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പുഷ്പകൃഷി വനിതകൾക്ക് എന്ന മേൽ പ്രോജക്ട് പ്രകാരം 347 വനിതകൾക്ക് 14000 എണ്ണം ചെണ്ടുമല്ലി തൈകളും 5600 കി. ഗ്രാം മണ്ണിര കമ്പോസ്റ്റും നീലേശ്വരം ഇക്കോ ഷോപ്പ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. ചെണ്ടുമല്ലി തൈയ്ക്ക് 8 രൂപ നിരക്കാണ് ഇക്കോ ഷോപ്പ് ഈടാക്കിയിട്ടുള്ളത് പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തി.28/5/2022 ഖണ്ഡിക 3.3 പ്രകാരം പുഷ്പ ഫല ഔഷധ കൃഷിക്കുള്ള വിത്തുകൾ, തൈകൾ എന്നിവയുടെ നിരക്ക് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ 2024-25 വർഷകാലയളവിലേയ്ക്ക് ചെണ്ടുമല്ലി തൈ(ഹൈബ്രിഡ്) ഇനത്തിന്റെ യൂണിറ്റ് നിരക്ക് ജില്ലാ തലത്തിൽ നിർണ്ണയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 224000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. **<u>(ഓഡിറ്റ് എൻക്വയറി നം. 09/24-2025 തീ.20.12.2025)</u>**

**<u>1-20 സബ്സിഡി മാർഗരേഖ ലംഘിച്ച് സെപ്റ്റിക് ടാങ്ക് വിതരണം – 32,80,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മാവിലാകടപ്പുറം സർക്കിൾ |
| പ്രോജക്ട് നമ്പർ & പേര് | 236/25(SO) – സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് 5,76,000/-<br>(ടൈഡ് ഗ്രാന്റ്)<br>ജില്ലാപഞ്ചായത്ത് വിഹിതം 31,84,000/- |
| | |

| | |
|---|---|
| ചെലവ് തുക | 32,80,000 |
| ബിൽ റഫറൻസ് നമ്പർ/വൗച്ചർ നം. തീയതി | 1)XVFC/2024-25/P/26 തീയ്യതി.22-08-2024,20000/-<br>2)XVFC/2024-25P/32തീയ്യതി.29-10-2024,200000/-<br>3)XVFC/2024-25/P/35 തീയ്യതി.07-11-2024,140000/-<br>4)XVFC/2024-25/P/36 തീയ്യതി.21-11-2024,160000/-<br>5)XVFC/2024-25/P/38 തീയ്യതി.21-11-2024,140000/-<br>6)XVFC/2024-25/P/49തീയ്യതി.26-12-2024,160000/-<br>7)XVFC/2024-25/P/42തീയ്യതി.09-12-2024,100000/-<br>8)XVFC/2024-25/P/57 തീയ്യതി.23-01-2025,160000/-<br>9)XVFC/2024-25P/55തീയ്യതി.30-12-2024,240000/-<br>10)XVFC/2024-25/P/54തീയ്യതി.28-12-2024,56000/-<br>11)XVFC/2024-25/P/53തീയ്യതി.28-12-2024,264000/-<br>12)XVFC/2024-25/P/57തീയ്യതി.23-01-2025,160000/-<br>13)XVFC/2024-25P/67തീയ്യതി.01-02-2025,300000/-<br>14)XVFC/2024-25P/69തീയ്യതി.04-02-2025,140000/-<br>15)XVFC/2024-25/P/93 തീയ്യതി.13-03-2025,80000/-<br>16)XVFC/2024-25P/118തീയ്യതി.27-03-2025,960000/- |

വലിയ പറമ്പ ഗ്രാമപഞ്ചായത്ത് പരിധിയിലെ കുടിവെള്ള മലിനീകരണം തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനായും 2023-24 വർഷം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം (പ്രൊ.നം.164/24) 35 ഗുണഭോക്താക്കൾക്കായി 600000/-ലക്ഷം രൂപ സബ്സിഡിയായി 2023-24 വർഷം അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി സ്പിൽ ഓവറായി 2024-25 വർഷം തുടരുകയും പദ്ധതി പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിന് 20000 രൂപ സബ്സിഡി നിരക്കിൽ ആകെ 164 കുടുംബങ്ങൾക്കായി 32,80,000 രൂപ ഓഡിറ്റ് വർഷം  അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ സെപ്റ്റിക് ടാങ്ക് സ്ഥാപിച്ച് ഇൻവോയ്സ് ഹാജരാക്കുന്നതിന്റെയടിസ്ഥാനത്തിൽ സബ്സിഡി തുക (90%) ഗുണഭോക്താക്കൾക്ക് നല്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) 28.05.2022 ലെ സ ഉ(കൈ) നം.115/2022/തസ്വഭ ഉത്തരവിലെ 6.8 (ബി) പ്രകാരം സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | മാനദണ്ഡങ്ങൾ |
|---|---|
| 1 | ഒരു മീറ്റർ വ്യാസവും 2.3 മീറ്റർ നീളമുള്ളതും ദിനംപ്രതി 25 ഫ്ലഷിങ്ങ് കപ്പാസിറ്റിയോട് കൂടിയതുമായ പ്രീഫാബ്രിക്കേറ്റഡ് **സിന്തറ്റിക്** സെപ്റ്റിക് ടാങ്ക് യൂണിറ്റ്. |
| 2 | കുറഞ്ഞത് 85 സെന്റിമീറ്റർ വ്യാസവും 250 സെന്റിമീറ്റർ നീളമുള്ളതുമായ ഡ്രെയിൻ പൈപ്പ് സ്ഥാപിച്ചിരിക്കണം. |
| 3 | കുറഞ്ഞത് 1.3 M X 1.2 M X1.2 M അളവുകളോട് കൂടിയ സോക്ക് പിറ്റ് ഉണ്ടായിരിക്കണം. |

മേൽ മാനദണ്ഡങ്ങൾ പ്രകാരമുള്ള സെപ്റ്റിക് ടാങ്കും സോക്ക് പിറ്റും സ്ഥാപിക്കുവാനാണ് 2023-24ൽ ഒറിജിനൽ പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേക സാഹചര്യം പരിഗണിച്ച് കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുവാൻ ഭരണ സമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുകയുമായിരുന്നു. 2024-25 വർഷം സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയപ്പോൾ പ്രൊജക്ട് റിപ്പോർട്ടിൽ കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗ രേഖയിൽ പരാമർശിച്ച ഒരിനത്തിൽ ഭേദഗതി വരുത്തി പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടിയിരുന്നുവെങ്കിലും ആയത് പ്രകാരമുള്ള അനുമതി നേടാതെയാണ് 2023-24, 2024-25 വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2) 2023-24 വർഷം നടപ്പാക്കിയ പ്രൊജക്ട് നമ്പർ 161/24 പ്രകാരം (ഒറിജിനൽ പ്രൊജക്ട്) സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിന് ഗുണഭോക്താക്കൾ സമർപ്പിച്ചത് പെർഫക്ട് സിമന്റ് വർക്സ്, നെല്ലിവിള, ബാലരാമപുരം, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ GSTനമ്പർ ഉൾപ്പടെയുള്ള ഇൻവോയ്സുകളാണ്. പ്രസ്തുത ഇൻവോയ്സിൽ GST 9% നിരക്കിൽ കണക്കാക്കിയിരുന്നു. പ്രസ്തുത സ്ഥാപനത്തിൻ നിന്നുമാണ് 2024-25 വർഷവും സെപ്റ്റിക് ടാങ്കുകളും, അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചുവെങ്കിലും അപേക്ഷകളോടൊപ്പം നിയമാനുസൃതമുള്ള ഇൻവോയ്സുകളല്ല ഹാജരാക്കിയിട്ടുള്ളത്. വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേരോ, രജിസ്ട്രേഷൻ വിവരങ്ങളോ ഒന്നും തന്നെ രേഖപ്പെടുത്താതെ ഗുണഭോക്താക്കളുടെ പേരും, 23000/-രൂപ വിലയും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് എന്ന് രേഖപ്പെടുത്തിയ ബില്ലുകളാണ് സെപ്റ്റിക് ടാങ്ക് വാങ്ങിയത് സാധൂകരിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ളത്. കൂടാതെ മേൽ പരാമർശിച്ച ബില്ലുകളിൽ ഒന്നും തന്നെ വിതരണം ചെയ്ത സെപ്റ്റിക് ടാങ്കിന്റെ അളവുകളോ, സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃതമല്ലാത്ത ബില്ലുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നല്കിയത്ക്രമപ്രകാരമല്ല. ഇക്കാര്യം പരിശോധിച്ച് 2024-25 വർഷം മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 164 ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്ക് വിതരണം ചെയ്ത സ്ഥാപനവുമായി ബന്ധപ്പെട്ട് ക്രമ പ്രകാരമുള്ള ഇൻവോയ്സ് ലഭ്യമാക്കുവാനും, പ്രസ്തുത ഇടപാടുമായി ബന്ധപ്പെട്ട ജി എസ് ടി തുക ബന്ധപ്പെട്ട സ്ഥാപനം സർക്കാരിലേയ്ക്ക് അടവാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനും നിർദ്ദേശം നല്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 2023-24 വർഷം നടപ്പാക്കിയ പ്രൊജക്ട് നമ്പർ 161/24 പ്രകാരം (ഒറിജിനൽ പ്രൊജക്ട്) വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷയും, മേൽ പരാമർശിച്ച പ്രകാരമുള്ള ബില്ലും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പദ്ധതി പ്രകാരം സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവ ഗുണഭോക്താക്കൾ സ്ഥാപിച്ചത് സാധൂകരിക്കുന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വാല്യുവേഷൻ റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ട്, മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20.12.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ 22.12.2025ന് മറുപടി നല്കുകയുണ്ടായി . പ്രൊജക്ട് റിപ്പോർട്ടിൽ സർക്കാർ മാർഗ്ഗ നിർദ്ദേശാനുസരണമുള്ള സിന്തറ്റിക് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നെങ്കിലും ഗ്രാമ പഞ്ചായത്തിലെ പ്രദേശങ്ങൾ തീരമേഖലയിൽ ആയതിനാൽ മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നത് മൂലം സിന്തറ്റിക് സെപ്റ്റിക് ടാങ്കുകൾ ഗുണപരമല്ലെന്ന് ഭരണസമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് സോക്കേജ് പിറ്റുകളോട് കൂടിയ കോൺക്രീറ്റ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രീ

ഫാബ്രിക്കേറ്റഡ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചതിനാലാണ് ഓവർസീയറുടെ വാല്യുവേഷൻ ഹാജരാക്കാതിരുന്നതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ സെപ്റ്റിക് ടാങ്കുകൾ വാങ്ങിയത് സാധൂകരിക്കുന്നതിനായി ഗുണഭോക്താക്കൾ നിയമാനുസൃതമല്ലാത്ത ബില്ലുകൾ ഹാജരാക്കിയത് പ്രകാരം ആനുകൂല്യം അനുവദിച്ചതിനും, സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം നേടുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച അപാകതകൾ പരാമർശിച്ച അപാകതകൾ നില നില്ക്കുന്ന സാഹചര്യത്തിൽ 32,80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് സിന്തറ്റിക് സെപ്റ്റിക് ടാങ്കുകൾക്ക് പകരം കോൺക്രീറ്റ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020 തിരു. തീ. 08.06.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/16.12.2025) നല്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് സൂചിപ്പിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ഉതകുമായിരുന്ന ജൽ ജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ച് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ തുടർ നടപടികൾ ഭരണ സമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-22 ഹെൽത്ത് ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തി 1.9.2022, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കിം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2021-22മുതൽ 2024-25 വരെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക, വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം-1 | | സ്കീം-3 | | സ്കീം-4 | | ആകെ |
|---|---|---|---|---|---|---|---|
| | ഗ്രാന്റ് | പലിശ | ഗ്രാന്റ് | പലിശ | ഗ്രാന്റ് | പലിശ | ഗ്രാന്റ് |
| 2021-22 | - | - | | - | | | |
| 2022-23 | | - | 2,08,161 | 2,773 | 0 | -- | 2,10,934 |
| 2023-24 | - | - | 6,56,000 | 8,163 | 2,91,000 | 4,472 | 9,59,635 |
| 2024-25 | - | - | 2,74,000 | 2,613 | 4,63,000 | 1,469 | 7,41,082 |
| ആകെ | | | 11,38,161 | 13549 | 7,54,000 | 5,941 | 19,11,651 |

2. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം,സ്കീം)

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 2,08,161 | - | 2,08,161 |
| 2023-24 | - | 6,50,994 | 2,70,865 | 9,21,859 |
| 2024-25 | - | 5,000 | 20,135 | 25,135 |
| ആകെ | | 8,64,155 | 2,91,000 | 11,55,155 |

3) നാളിതവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| വർഷം | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 2022-23 | 129 | വലിയപറമ്പ കടുംബാരോഗ്യ കേന്ദ്രത്തിലെ ലാബ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 2,08,161 |
| 2023-24 | 227 | കടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 2,70,865 |
| | 228 | ഹെൽത്ത് ഗ്രാന്റ് ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | 6,50,994 |
| 2024-25 | 260 | കടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 20,135 |
| | 261 | ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | 5000 |
| | | ആകെ | 11,55,155 |

ഹെൽത്ത് ഗ്രാന്റ് സ്കീം 3 ഉപയോഗിച്ച് FHCയിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്കീം 4 പ്രകാരം ലഭ്യമായ ഗ്രാന്റ് വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലേയ്ക്ക് ആവശ്യമായ പരിശോധന സാമഗ്രികൾ, ഫർണിച്ചറുകൾ എന്നിവയും വാങ്ങിയിട്ടുണ്ട്

4) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ.

| ക്രമ നമ്പർ | സ്കീം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | സ്കീം-1 | -- |
| 2 | സ്കീം-3 | 2,87,555 |
| 3 | സ്കീം-4 | 4,68,941 |

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഓരോ സാമ്പത്തിക വർഷത്തിലും ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള തുക വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ NHM പോർട്ടലിൽ അപ്ഡേറ്റ്

ചെയ്യതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ഗ്രാന്റ് ലഭ്യമാക്കുന്നത്. ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം തുക ലാപ്സാകുന്നതാണ്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്കാണ് സർക്കാർ, ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചിട്ടുള്ളത്. അതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും സമയബന്ധിതമായി വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/16.12.2025)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പദ്ധതി അവലോകനം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ് ) യുടെ വിഹിതം അടവാക്കുന്നതുമായി ബന്ധപ്പെട്ട് വലിയ പറമ്പ ഗ്രാമപഞ്ചായത്തിലെ വിശദവിവരങ്ങൾ

1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(1.4.2024 മുതൽ 31.3.2025 വരെ സർവ്വീസിൽ പ്രവേശിച്ചവരുടെത് ഒഴികെ)

| മാസം | ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 03/24 | 10 | 5000 | 5000 | 0 | - |
| 04/24 | 10 | 5000 | 5000 | 0 | - |
| 05/24 | 10 | 5000 | 5000 | 0 | - |
| 06/24 | 10 | 5000 | 5000 | 0 | - |
| 07/24 | 10 | 5000 | 5000 | 0 | - |
| 08/24 | 10 | 5000 | 5000 | 0 | - |
| 9/24 | 10 | 5000 | 5000 | 0 | - |
| 10/24 | 8 | 4000 | 4000 | 0 | - |
| 11/24 | 8 | 4000 | 4000 | 0 | - |
| 12/24 | 8 | 4000 | 4000 | 0 | - |
| 01/25 | 8 | 4000 | 4000 | 0 | - |
| 02/25 | 9 | 4500 | 4500 | 0 | - |
| | ആകെ | 55500 | 55500 | 0 | - |

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 ഹെഡ് 350200117 പ്രകാരം 5500രൂപ മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ബാദ്ധ്യതകളിൽ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക എത്രയും വേഗം സർക്കാരിലേക്ക് അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.മെഡിസെപ് പ്രീമിയം ഒടുക്ക് (1.4.2024 മുതൽ 30.6.2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

3.മെഡിസെപ് പ്രീമിയം ഒടുക്ക് (1.7.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

4.മെഡിസെപ് പ്രീമിയം ഒടുക്ക് (1.8.2024 മുതൽ 31.3.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/24 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം**

| **വർഷം** | **സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി** | **സർട്ടിഫിക്കറ്റ് നമ്പർ/തിയതി** |
|---|---|---|
| 2024-25 | 20.12.2025 & 22.12.2025 | KSA KSD 10/1257/2025 തിയതി: 14.01.2026 |

**4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 17000 | 18/25- നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, നെൽവിത്ത് വിതരണം | 17000 | 0 |
| | 2024-25 | 446425 | 134/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ബത്ത | 446425 | 0 |
| | 2024-25 | 108000 | 146/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ബത്ത (SO) | 108000 | 0 |
| | 2024-25 | 75000 | 41/25- പാലിന് സബ്സിഡി | 75000 | 0 |
| | ആകെ | 646425 | | 646425 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 100000 | 36/25 – സാന്ത്വന പരിചരണം | 100000 | 0 |
| | 2023-24 | 3184000 | 236/25 – സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ | 2704000 | 480000 |
| | 2024-25 | 800000 | 154/25 ലൈഫ് ഭവന പദ്ധതി ജനറൽ 2023-24 (SO) | 800000 | 0 |
| | 2024-25 | 720000 | 85/25 ലൈഫ് ഭവന പദ്ധതി ജനറൽ 2024-25 | 720000 | 0 |
| | 2024-25 | 256241 | 89/25 ലൈഫ് ഭവന പദ്ധതി പട്ടികജാതി 2024-25 | 256241 | 0 |
| | 2024-25 | 147525 | 134/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ബത്ത | 147525 | 0 |
| | 2024-25 | 25000 | 262/25 - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് ധന സഹായം | 25000 | 0 |
| | **ആകെ** | **5232766** | | **4752766** | **480000** |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB | 201/25 – പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | Vr.No.XVFC/24-25/P/30 Dt.11/09/2024 | 168935 | 0 | 168935 |
| KSEB | 53/25 – പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കൽ | ബിൽ നം: 24200352004201624696/ 22-03-2025 | 859666 | 0 | 859666 |
| | | Vr.No.XVFC/24-25/P/105 Dt.21/03/2025 | 450000 | 0 | 450000 |
| | | Vr.No.XVFC/24-25/P/110 Dt.26/3/2025 | 50000 | 0 | 50000 |
| PWD | 61/25 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നെറ്റ് വർക്കിംഗ് | Vr.No.XVFC/24-25/P/43 Dt.09/12/2024 | 184000 | 0 | 184000 |
| KSEB | 292/25 മാടക്കാൽ എസ്.സി ശ്മശാനത്തിലേക്ക് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും സർവ്വീസ് കണക്ഷൻ ലഭ്യമാക്കലും | Vr.No.XVFC/24-25/P/96 Dt.15/03/2025 | 9414 | 0 | 9414 |
| | | Vr.No.XVFC/24-25/P/103 Dt.19/3/2025 | 1047 | 0 | 1047 |
| PWD | 193/25 MCFൽ സി.സി.ടി വി സ്ഥാപിക്കൽ | ബിൽ നം: 24200352004200192668/ 27-05-2024 | 95000 | 81,368 | 13,632/- |
| KSEB | 197/25ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEBക്ക് തുക അടവാക്കൽ | ബിൽ നം : 24200352004200192784/ 27-05-2024 | 9733 | | 9733 |

**4-5 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം.**

ഇല്ല.

**4-6 വായ്പാ വായ്പാ തിരിച്ചടവ്**

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജിഒ(എം എസ്) 68/18 തിയ്യതി 18.05.2018,ജിഒ(എം എസ്) 100/18 തിയ്യതി 30.07.2018, ജി ഒ(എം എസ്) 110/18 തിയ്യതി 13.08.2018 | 1,19,72,413 | 70,77,393 | 12,03,702 | 0 | 58,73,691 |

**4-7 സ്ഥിര നിക്ഷേപങ്ങൾ**

ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 3500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 12 | 3500/- | ഇ.വി ദിനേശ് കുമാർ | 1240100253/22-6-2024 |

ഹെഡ് 350400999 ന്റെ ലെഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത വരവ് ഓഡിറ്റ് റിക്കവറിയുമായി ബന്ധപ്പെട്ട ഹെഡ്ഡിൽ അല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. ബാധ്യതാ കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത തുക സർക്കാരിലേയ്ക്ക് ഒടുക്കുവാനുള്ള തുകയാണെങ്കിൽ പ്രസ്തുത തുക ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ**

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 11 | 2005-06 | 2.95.2 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | തൃക്കരിപ്പൂർ കടപ്പുറം-രാമന്തളി മരപ്പാലം നിർമ്മാണത്തിന്റെ പ്രായോഗികത സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റിപ്പോർട്ട് ഒരു മാസത്തിനകം ഹാജരാക്കണമെന്നും, കൂടാതെ മുൻകൂർ ചെലവായ ഒരു ലക്ഷം രൂപയ്ക്കുള്ള വൗച്ചറുകളും വാല്യുവേഷൻ സർട്ടിഫിക്കറ്റും |

| | | | | | |
|---|---|---|---|---|---|
| | | | | | ഓഡിറ്റിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ട്.<br>സമിതി നിർദ്ദേശിച്ച പ്രകാരം കാസറഗോഡ് LID&EW ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പ്രായോഗികതാ പരിശോധന റിപ്പോർട്ട്, വലിയപറമ്പ ഗ്രാമ പഞ്ചായത്ത് LID&EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യൂവേഷൻ റിപ്പോർട്ട്, ഭരണ സമിതി തീരുമാനം എന്നിവ സഹിതം ലഭ്യമാക്കിയ മറുപടി പരിശോധിച്ച്, പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. (LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.15) . നിയമസബാ സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണനയിൽ |
| 2015-16 | 2-5 | 2016-17 | അധ്യായം.2 അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണനയിൽ |
| ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായുള്ള വിഭിന്ന സാഹചര്യങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ അവലോകനം -2017-18 | - | 2017-18 | അധ്യായം6 പേജ് 441 & 442 | ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ആയുള്ള വിഭിന്ന സാഹചര്യങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ | നിയമസഭാ സമിതി പരിഗണനയിൽ. നിലവിലെ സ്ഥിതി വിവരം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ഹെഡ്ഡോഫീസിലേയ്ക്ക് മറുപടി നല്കിയിട്ടുണ്ട്. |

**4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**(എ)**ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,99,02,190 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,50,24,536 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,47,566/- |

**(ബി).** ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-14 | 2,08,129/- | ശ്രീ.വിനോദ് കുമാർ എം.പി, സെക്രട്ടറി |
| | 16,84,127/- | ശ്രീ.ജയകുമാർ കെ.യു, സെക്രട്ടറി |
| 1-15 | 13,632/- | ശ്രീ.വിനോദ് കുമാർ എം.പി, സെക്രട്ടറി |
| 1-16 എ | 30,237/- | ശ്രീ.വിനോദ് കുമാർ എം.പി, സെക്രട്ടറി |
| 1-16 ബി | 1,50,000/- | ശ്രീ.ജയകുമാർ കെ.യു, സെക്രട്ടറി |
| 1-17 | 10,57,441/- | ശ്രീ.ജയകുമാർ കെ.യു, സെക്രട്ടറി |
| 1-19 | 2,24,000/- | ശ്രീ.ശിവകുമാർ വി, കൃഷി ഓഫീസർ |
| 1-20 | 32,80,000/- | ശ്രീ.സുകേഷ് എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാവിലാക്കടപ്പുറം സർക്കിൾ |
| **ആകെ** | 66,47,566/- | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ് കുമാർ എം.പി, സെക്രട്ടറി | സെക്രട്ടറി, കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് | അരുന്ധതി, പുതിയടത്ത് റോഡ് , അന്നൂർ, പയ്യന്നൂർ, കണ്ണൂർ ജില്ല. |
| ശ്രീ.ജയകുമാർ കെ.യു, സെക്രട്ടറി | സെക്രട്ടറി, പോത്താനിക്കണ്ടം ഗ്രാമ പഞ്ചായത്ത് | കലംകുളത്ത് വീട്, വടക്കോട് പി.ഒ, കങ്ങരപ്പള്ളി, കൊച്ചി, PIN 686021 |
| ശ്രീ.ശിവകുമാർ വി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വോർക്കാടി ഗ്രാമ പഞ്ചായത്ത് | തുളസീദളം, ഉദിനൂർ സെൻട്രൽ, ഉദിനൂർ പി.ഒ, കാസറഗോഡ് ജില്ല. PIN:671311 |
| ശ്രീ.സുകേഷ് എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാവിലാക്കടപ്പുറം സർക്കിൾ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാവിലാക്കടപ്പുറം സർക്കിൾ | തെക്കത്ത്നാട് ഹൗസ്, അച്ചാംതുരുത്തി പി.ഒ, ചെറുവത്തൂർ, കാസറഗോഡ് ജില്ല.PIN:671313 |

**4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 To 1990-91 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(1) തീയതി: 20.08.2022 | 1 |
| 1997-98 Plan | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(1) തീയതി: 08.05.2024 | 2 |
| 1998-99 Plan | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(2) തീയതി: 08.05.2024 | 3 |
| 1998-99 | നം.എൽ.എഫ്/കെ.എസ്.ഡി-10/145/2022 തീയതി: 20.08.2022 | 4 |
| 1999-2000 Plan | നം.എൽ.എഫ്/കെ.എസ്.ഡി-10/131/2023(3) തീയതി: 08.05.2024 | 5 |
| 1999-2000 | നം.കെ.എസ്.എ/കെ.എസ്.ഡി-10/854/22(3) തീയതി: 20.09.2022 | 1 |
| 2000-01 | നം.കെ.എസ്.എ/കെ.എസ്.ഡി-10/145/22(5) തീയതി: 20.08.2022 | 1 |
| 2003-04 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(5) തീയതി: 08.05.2024 | 1 |
| 2004-05 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(6) തീയതി: 08.05.2024 | 6 |
| 2005-06 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(7) തീയതി: 08.05.2024 | 3 |
| 2007-08 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(9) തീയതി: 08.05.2024 | 2 |
| 2008-09 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(10) തീയതി: 08.05.2024 | 2 |
| 2009-10 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(11) തീയതി: 08.05.2024 | 2 |
| 2010-11, 2011-12 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(12) തീയതി: 08.05.2024 | 4 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(13) തീയതി: 08.05.2024 | 5 |
| 2014-15 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(9) തീയതി: 20.08.2022 | 5 |
| 2015-16 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(14) തീയതി: 08.05.2024 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(15) തീയതി: 08.05.2024 | 4 |
| 2017-18 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(16) തീയതി: 08.05.2024 | 6 |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(17) തീയതി: 08.05.2024 | 8 |
| 2019-20 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(18) തീയതി: 08.05.2024 | 2 |
| 2020-21 | നം.കെ.എസ്.എ/കെ.എസ്.ഡി-10/131/2023(19) തീയതി: 08.05.2024 | 12 |
| 2021-22 | നം.കെ.എസ്.എ/കെ.എസ്.ഡി10/270/2023 തീയതി: 04.07.2024 | 8 |
| 2022-23 | കെ.എസ്.എ.കെ.എസ്.ഡി-10/746/2023 തീയതി: 28.02.2024 | 13 |
| 2023-24 | കെ.എസ്.എ.കെ.എസ്.ഡി-10/363/2025 തീയതി: 21.05.2025 | 31 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/2025 dated 01/2025 dated 09-05-2025 and submitted on 09-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Valiyaparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Valiyaparamba Grama Panchayat as on 31-03-2025

**Date: 14/01/2026** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Valiyaparamba Grama Panchayat for the Year 2024-2025.

**1.Major Observations**

Asset register is incomplete and not reliable for Audit.

**2.Other Observations**

1)The Bank book balance of the following specific purpose funds as on 31.03.2025 does not match with the respective liability amount shown in the balance sheet

a. A/c .No.40433101035438- KGB BMC Fund

b. A/c .No.40433100003312) KGB SSA

c). A/c No.928 Literacy CO-OP bank

2) The details of the liablities under the head 320100145, 320100149, 320100198, 320200399, 320800199, 320100156, 320800101, 320700304, 350400501, 350400999 as per schedule B4 and B9 of the Balance Sheet as on 31.03.2025 have not been produced.

3) Amount of NPS Provision of employees does not match with provision of employer.

4) The correctness of the amount of Rs.340091/- transferred to own fund bank account from plan bank account No. KGB 40433100002989 can not be verified. If this amount includes amounts related to government schemes, the said amount should be refunded to the Consolidated Fund.

5) **a)**Details of advances pending as on 31.03.2025 as per schedule B-18 of balance sheet has not been produced for verification.

**b)**The details of Rs. 1827795/- Deposited in KSEB and PWD for various projects during the audit year were not included in the respective heads of schedule B-18 Loans, Advances and Investments.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7220351.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 487730.00 |
| 140000000 | Fees & User Charges | RP-4 | 2065727.00 |
| 150000000 | Sale & Hire Charges | RP-5 | 173910.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12955279.00 |
| 171000000 | Interest Earned | RP-9 | 121623.00 |
| 311000000 | Earmarked Funds | RP-28 | 1024.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31972531.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1848373.00 |
| 460000000 | Loans, Advances and Deposits | RP-49 | 22000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 17500.00 |
| 350000000 | Other Liabilities | RP-35 | 236493.00 |
| | Grand total | | 57122541.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 76886.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4836713.00 |
| 460000000 | Loans, Advances and Deposits | RP-49 | 130000.00 |
| | Non Operating | | |
| 350000000 | Other Liabilities | RP-35 | 29980937.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 22098005.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 57122541.00 |

Deputy Director
Kerala State Audit Department
District Audit Office, Kasaragod

## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2043415.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1827012.00 |
| 150000000 | Sale & Hire Charges | I-5 | 173910.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 166673051.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 121623.00 |
| 180000000 | Other Income | I-9 | 451964.00 |
| 190000000 | Prior Period Income | I-19 | -339901.00 |
| | Total Income | | 171290975.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 8778889.00 |
| 220000000 | Administrative Expenses | I-11 | 428521.00 |
| 230000000 | Operations & Maintenance | I-12 | 735475.00 |
| 240000000 | Interest & Finance Charges | I-13 | 906.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9408357.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 57068473.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7324951.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 46687368.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 31910900.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1142941.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 163486781.00 |
| | Gross Surplus / Deficit of income over Expenditure | | 7804194.00 |
| | Gross Surplus / Deficit of income over Expenditure | | 7594383.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 549712.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 209811.00 |

Deputy Director
Kerala State Audit Department
District Audit Office, Kasaragod

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| Valiyaparamba Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As On 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6415886.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund | B-2 | 25254.00 |
| 312000000 | Reserves | B-3 | 39325657.00 |
| | Total Reserve & Surplus | | 45766797.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22277320.00 |
| | Total Grants, Contributions for Specific Purposes | | 22277320.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5873691.00 |
| 331000000 | Unsecured Loans | B-6 | 0.0 |

| | | | |
|---|---|---|---|
| | Total Loans | | 5873691.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 194107.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 842428.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1036535.00 |
| | TOTAL LIABILITIES | | 74954343.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 649303.00 |
| 412000000 | Capital Work in Progress | B-11(b) | 1437491.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 433695.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11929033.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 78240688.00 |
| 416000000 | Accumulated Depreciation | B-11(a) | -54266986.00 |
| | Total Fixed Assets | | 38423224.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4871991.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5873691.00 |
| 450000000 | Cash and Bank Balance | B-17 | 22098005.00 |
| 460000000 | Loans, Advances and Deposits | B-18 | 3687432.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 36531119.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 74954343.00 |

Deputy Director
Kerala State Audit Department
District Audit Office, Kasaragod